പ്രസ്സ് റിലീസ് PRESS RELEASE

ഭാരതീയ റിസർവ് ബാങ്ക്

RESERVE BANK OF INDIA

വെബ്സൈറ്റ് : www.rbi.org.in/hindi

Website : www.rbi.org.in

ഇ-മെയിൽ : helpdoc@rbi.org.in

**ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ**, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ - 400 001

**DEPARTMENT OF COMMUNICATION**, Central Office, S.B.S. Marg, Mumbai - 400 001

Phone : 91 22 2266 0502 Fax : 91 22 22660358

നവംബർ 27, 2018

**ശ്രീ ഭാരതി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്, ഹൈദരാബാദ്, തെലങ്കാന - പിഴചുമത്തി**

ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 ലെ സെക്ഷൻ 46(4) നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 47എ(1)(സി) യിലെ വ്യവസ്ഥകൾ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ബാധകമായവ) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പ്രയോഗിച്ചുകൊണ്ട് ഭാരതീയ റിസർവ് ബാങ്ക്, ശ്രീ ഭാരതി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്, ഹൈദരാബാദ്, തെലങ്കാന-യ്ക്ക് 2 ലക്ഷം രൂപ (രണ്ട് ലക്ഷം രൂപ മാത്രം) യുടെ ധനപരമായ ഒരു പിഴ ചുമത്തിയിരിക്കുന്നു. ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 ലെ സെക്ഷൻ 35എ പ്രകാരമുള്ള വ്യവസ്ഥകൾ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ബാധകമായവ) സംബന്ധിച്ച് ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിരുന്ന ആജ്ഞാപനങ്ങൾ ലംഘിക്കുകയും, കംപ്ലയൻസ് റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ/മാർഗ നിർദ്ദേശ രേഖകൾ ലംഘിക്കുകയും ചെയ്തതിനാണ് പിഴ.

ബാങ്കിന് ഭാരതീയ റിസർവ് ബാങ്ക് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അതിന് പ്രതികരണമായി ബാങ്ക് രേഖാമൂലം ഒരു മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു. കാര്യത്തിലെ വസ്തുതകളും, വിഷയത്തിൽ ബാങ്ക് നൽകിയ മറുപടിയും, പേഴ്സണൽ ഹിയറിങ്ങും പരിഗണിച്ച ശേഷം, ലംഘനങ്ങൾ സ്ഥിരീകരിക്കപ്പെട്ടുവെന്നും പിഴചുമത്തൽ ന്യായീകരിക്കാവുന്നതുമാണെന്ന തീരുമാനത്തിൽ റിസർവ് ബാങ്ക് എത്തിച്ചേരുക യാണുണ്ടായത്.

**അജിത് പ്രസാദ്**

അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ്: 2018-2019/1212**